Break the chain

വനിത ശിശുവികസന വകുപ്പ്

150 മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: ശ്രീമതി. അദീല അബ്ദുള്ള ഡയറക്ടർ,വനിതാ ശിശു വികസന വകുപ്പ് )**

വിഷയം :- വനിതാ ശിശു വികസന വകുപ്പ്- ICPS - ഇടുക്കി ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് - ചൈൽഡ് വെൽഫെയർ കമ്മറ്റി - ജുവൈനൽ ജസ്റ്റിസ് ബോർഡ് - കാഷ്വൽ സ്വീപ്പർക്ക് 2021 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള വേതനം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-1..ഈ കാര്യാലയത്തിലെ ഉത്തരവ് നം:ICPS5/9174/18 തീയതി:24/10/2017

2. ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നം.740/2021/DCPU/IDK തീയതി: 06.09.2021

***ഉത്തരവ് നമ്പർ- ICPS-4(B)/1664/21 തീയതി:23.09.2021***

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ഇടുക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവൈനൽ ജസ്റ്റിസ് ബോർഡ്-ൽ മേൽ പരാമർശം (1) ഉത്തരവ് പ്രകാരം കാഷ്വൽ സ്വീപ്പർ തസ്തികയിൽ നിയമനം നടത്തിയിരുന്നു. ടി തസ്തികയിൽ നിയമിച്ച ജീവനക്കാരിക്ക് 2021-22 സാമ്പത്തിക വർഷം ജൂലൈ മുതൽ ഓഗസ്റ്റ് വരെയുള്ള വേതനം അനുവദിക്കുന്നതിലേക്ക് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പ്രസ്തുത അപേക്ഷ പരിഗണിച്ച് ഇടുക്കി ചൈൽഡ് വെൽഫെയർ കമ്മറ്റി, ജുവൈനൽ ജസ്റ്റിസ് ബോർഡ്-ൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിക്ക് വേതനം നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷം 6000/- രൂപ നിരക്കിൽ ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള വേതനവും, ഉത്സവബത്തയായ 1000/-രൂപയും ചേർത്ത് ആകെ 14,348/- രൂപ (പതിനാലായിരത്തി മുന്നൂറ്റി നാൽപത്തി എട്ട് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക 14,348/- രൂപ (പതിനാലായിരത്തി മുന്നൂറ്റി നാൽപത്തി എട്ട് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്- ന്റെ ശീർഷകമായ 2235-02-102-61-34-3-Other Items -(P) യിൽ നിന്നും ഇടുക്കി ജില്ലാ വനിതാ ശിശു വികസന

ഓഫീസറുടെ പേരിൽ അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതാണ്.വനിതാ ശിശു വികസന ഓഫീസർ തുക ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് അലോട്ട്മെന്റ് ആയി അനുവദിച്ച് നൽകേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷന് സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ടി തുക ചൈൽഡ് വെൽഫെയർ കമ്മറ്റി, ജുവൈനൽ ജസ്റ്റിസ് ബോർഡ് ഫണ്ടിൽ കണ്ടിജൻസി കംപോണന്റ് വകയിരുത്താവുന്നതാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി SCPS

വനിതാ ശിശു വികസന ഓഫീസർ
ഇടുക്കി

**പകർപ്പ്:**

1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ഇടുക്കി
2. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS-4
4. **സ്റ്റോക്ക് ഫയൽ**
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

Remya

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT DEPARTMENT